**ക്ലാസ്സ് 6**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
## Second Semester Examination 2024-25

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

പേര്, വീട്ടുപേര് :

## പാർട്ട് 1

**ശരിയായ ഉത്തരം എഴുതുക.** 6×1=6

1. സ്ത്രീകൾ അറിയിച്ചതനുസരിച്ച് ഈശോയുടെ കല്ലറയുടെ അടുക്കൽ ആദ്യം എത്തിയ ശ്ലീഹ

2. ഏഴല്ല ഏഴ് എഴുപത് പ്രാവശ്യം ക്ഷമിക്കണം എന്ന് പറയുമ്പോൾ ഈശോ എന്താണ് നമ്മെ പഠിപ്പിക്കുന്നത്?

3. അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. വി. കുർബാനയിലെ ഏത് ശുശ്രൂഷയ്ക്ക് ഒരുക്കമായുള്ള പ്രാർത്ഥനയാണിത്?

4. ഈശോ കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും അധരംകൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നതാണ്?

5. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതെന്ന്?

6. ഞാൻ ലോകാവസാനംവരെയും നിങ്ങളോടുകൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്?

**'എ' കോളത്തിന് അനുയോജ്യമായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് 'ബി' കോളത്തിൽ എഴുതുക.** 5×1=5

(ഗുരു, ശൂന്യമായ കല്ലറ, യോന, മാർത്തോമാഞായർ, പരിശുദ്ധാത്മാവിന്റെ സുവിശേഷം)

| | എ | ബി |
|---|---|---|
| 7. | ഈശോയുടെ ഉത്ഥാനം | |
| 8. | നിനവേയുടെ മാനസാന്തരം | |
| 9 | റബ്ബോനി | |
| 10 | പുതുഞായർ | |
| 11 | അപ്പസ്തോലപ്രവർത്തനങ്ങൾ | |

**ആരാണ് പറഞ്ഞത് എന്നെഴുതുക.** 4×1=4

12. "നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ."

13. "എന്റെ കർത്താവേ എന്റെ ദൈവമേ"

14. "ഇത് ചെയ്യാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക."

15. "നീ ഇന്ന് എന്നോട് കൂടെ പറുദീസയിൽ ആയിരിക്കും."

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

16. എന്ത് ചെയ്താലാണ് നാം സ്വർഗീയ പിതാവിന്റെ മക്കളായിത്തീരുമെന്ന് ഈശോ ഉറപ്പ് നൽകിയത്?

17. നമ്മുടെ നിരവധിയായ പാപങ്ങൾ ദൈവം ക്ഷമിക്കണമെങ്കിൽ നമ്മൾ എന്തു ചെയ്യണമെന്നാണ് ഈശോ ആവശ്യപ്പെടുന്നത്?

18. "അനുരഞ്ജിതരായ് തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം." വി. കുർബാനയിൽ ഈ ഗീതം പാടുമ്പോൾ നാം എന്താണ് ഏറ്റുപറയുന്നത്?

19. ആർക്കാണ് ഈശോയെ പ്രഘോഷിക്കുവാൻ സാധിക്കുക?

20. എന്താണ് കൈത്താക്കാലം അനുസ്മരിപ്പിക്കുന്നത്?

21. കാതോലിക ലേഖനങ്ങൾ ആ പേരിൽ അറിയപ്പെടാൻ കാരണമെന്ത്?

22. തോമായുടെ നടപടികൾ എന്ന ഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന പ്രധാന വിവരങ്ങൾ ഏവ?

**23 മുതൽ 27 വരെയുള്ള ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **4×4=16**

23. ഉത്ഥാനശേഷമുള്ള ഈശോയുടെ പ്രത്യക്ഷപ്പെടലുകളിൽ ഏതെങ്കിലും ഒന്ന് വിവരിക്കുക?

24. ഞങ്ങൾ കർത്താവിനെ കണ്ടു എന്ന് മറ്റ് ശിഷ്യന്മാർ പറഞ്ഞപ്പോൾ തോമാശ്ലീഹ പറഞ്ഞ കാര്യങ്ങൾ എഴുതുക.

25. "കർത്താവേ അങ്ങ് ഇസ്രായേലിന് രാജ്യം പുനഃസ്ഥാപിച്ചു നൽകുന്നത് ഇപ്പോഴാണോ?" എന്ന ശിഷ്യരുടെ ചോദ്യത്തിന് ഈശോ നൽകിയ മറുപടി എന്തായിരുന്നു?

26. എമ്മാവൂസിലേക്കു പോകുകയായിരുന്ന ക്ലെയോപ്പാസ് ഈശോയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ എഴുതുക.

27. തോമാശ്ലീഹായുമായി ബന്ധപ്പെട്ട സംഭവങ്ങൾ ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| എ.ഡി. 52 | ഭാരതപ്രവേശന അനുസ്മരണം |
| നവംബർ 21 | രക്തസാക്ഷിത്വം |
| എ.ഡി. 72 | ദുക്റാന തിരുനാൾ |
| ജൂലൈ 3 | ഭാരതത്തിൽ എത്തി |

28. ഈശോ ക്ഷമിക്കാൻ പഠിപ്പിക്കുക മാത്രമല്ല മാതൃക കാണിച്ചു തരികയും ചെയ്തു. ഈശോ കാണിച്ചുതന്ന അഞ്ചു മാതൃകകൾ എഴുതുക. 5

*അല്ലെങ്കിൽ*

പള്ളിക്കൂദാശക്കാലത്തെക്കുറിച്ച് കുറിപ്പെഴുതുക.

**ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **1×10=10**

29. ഈശോ ശിഷ്യന്മാർക്ക് നൽകിയ പ്രേഷിതദൗത്യം വിശദമാക്കുക.

*അല്ലെങ്കിൽ*

കുറിപ്പെഴുതുക : ശ്ലീഹാക്കാലം.

## പാർട്ട് 2

**ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.** **5×1=5**

(വി. കാർലോ അക്യൂട്ടിസ്, വി. ജോസഫ്, വി. അൽഫോൻസാമ്മ, വി. ഫ്രാൻസിസ് അസ്സീസി,
വി. വിൻസെന്റ് ഡി പോൾ, വി. സീത്ത)

1. നന്മരണത്തിന്റെ മദ്ധ്യസ്ഥൻ
2. സമാധാനത്തിന്റെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വിശുദ്ധൻ?
3. യുവ വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥൻ ?
4. "പരി. മറിയമേ.... എന്റെ അമ്മേ.... എന്റെ ഹൃദയം നിന്റെ തിരുക്കുമാരന്റെ തൃക്കണ്ണുകൾക്ക് എത്രയും പ്രിയപ്പെട്ട പൂങ്കാവനമാക്കി തീർത്തുതരണമേ...." എന്നു പ്രാർത്ഥിച്ചിരുന്ന വിശുദ്ധ?
5. ഫ്രാൻസിന്റെ നവോത്ഥാന നായകനായ വിശുദ്ധൻ?

6. തിരുസഭയുടെ കൽപ്പനകൾ എഴുതി പൂർത്തിയാക്കുക. 4×1=4

| | |
|---|---|
| 1 | ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണം |
| 2 | |
| 3 | |
| 4 | |
| 5 | |

7. പ്രകാശത്തിന്റെ രണ്ടാമത്തെ രഹസ്യം എഴുതുക. 3

8. വിശുദ്ധ അൽഫോൻസാമ്മയും വിശുദ്ധ വിൻസെന്റ് ഡി പോളുമായും ബന്ധപ്പെട്ട തീയതികൾ നൽകുന്നു. സംഭവം കോളത്തിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക. 5

| | | |
|---|---|---|
| 1 | 1910 ആഗസ്റ്റ് 19 | |
| 2 | 1925 ജനുവരി 21 | |
| 3 | 1946 ജൂലൈ 28 | |
| 4 | 1660 സെപ്റ്റംബർ 27 | |
| 5 | 1737 ജൂൺ 16 | |

അൽഫോൻസാമ്മയുടെ ജനനം, അൽഫോൻസാമ്മയുടെ മരണം,
വിൻസെന്റ് ഡി പോൾ വിശുദ്ധ പദവിയിൽ, അൽഫോൻസാമ്മയുടെ സ്ഥൈര്യലേപനം,
വിൻസെന്റ് ഡി പോളിന്റെ മരണം

9. "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു." ഈശോ ആരോടാണ് ഇത് പറഞ്ഞത്? എന്ത് കേട്ടപ്പോഴാണ് ഇങ്ങനെ പറഞ്ഞത്? (ലൂക്കാ 19:8-9) 3